07413

**Registered/with AD**

# വിവരാവകാശ നിയമം - 2005

## വിവരാവകാശ നിയമം 2005 പ്രകാരം വിവരങ്ങൾ അറിയുന്നതിനും വിവരങ്ങൾ അറിയിക്കുന്നതിനുമുള്ള അപേക്ഷ

പ്രേക്ഷിത

പി.വി. ഷെരീഫ
ചോലയിൽ (H)
കുനിയിൽ, P.O. കീഴുപറമ്പ്,
അരീക്കോട് - 673639
മലപ്പുറം ജില്ല

സ്വീകർത്താവ്

ഡയറക്ടർ
(സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ)
സാമൂഹ്യ നീതിവകുപ്പ്
വികാസ് ഭവൻ, തിരുവനന്തപുരം

5 रु. कोर्ट फी COURT FEE Rs.5 भारत INDIA पाँच रुपये FIVE RUPEES

5 रु. कोर्ट फी COURT FEE Rs.5 भारत INDIA पाँच रुपये FIVE RUPEES

OFFICE OF THE DIRECTOR ... 07 JUN 2018 ... THIRUVANANTHAPURAM

ബഹുമാനപ്പെട്ട സർ,

എന്റെ ഭർത്താവ് സർവ്വീസിൽ നിന്നും വിരമിച്ചതിന് ശേഷം നാളിതുവരെയായിട്ടും അദ്ദേഹത്തിന്റെ NLC സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ഓഫീസിൽ നിന്നും അനുവദിച്ചുകൊടുക്കാത്തതിനാൽ ഭർത്താവിന് ലഭിക്കേണ്ടതായ DCRG, ഏൺഡ് ലീവ് സറണ്ടർ തുടങ്ങിയ യാതൊരു ആനുകൂല്യങ്ങളും ഇന്നെവരെ ലഭിച്ചിട്ടില്ല.

എന്റെ ഭർത്താവിന് കേരള സർക്കാരുമായോ- സാമൂഹ്യനീതി വകുപ്പുമായോ സാമൂഹ്യനീതി വകുപ്പിനെ സംബന്ധിച്ച വിഷയങ്ങളിലോ യാതൊരു പ്രശ്നങ്ങളും ഇല്ലാതെ എന്റെ ഭർത്താവിന്റെ NLC അന്യായമായി തടഞ്ഞുവച്ചിരിക്കുന്നതിനാൽ ടിയാൾക്ക് കിട്ടേണ്ടതായ ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലെന്ന് മാത്രമല്ല വിവാഹ പ്രായമായ എന്റെ രണ്ടു പെൺമക്കളുടെ വിവാഹം, എന്റെയും ഭർത്താവിന്റെയും ചികിത്സ തുടങ്ങിയ യാതൊന്നും നടത്താൻ പറ്റാത്ത ഒരവസ്ഥയാണ് സംജാതമായിരിക്കുന്നത്.

Contd..2..

മാത്രവുമല്ല NLC ഏത് കാലത്ത് ലഭിക്കുമെന്ന ഒരു പ്രതീക്ഷയും ഇല്ലാതായിരിക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ എന്റെ ഭർത്താവിന്റെ NLC ലഭിക്കുന്നതിനും ഭർത്താവിന് സർക്കാരിൽ നിന്നും ലഭിക്കേണ്ടതായ ആനുകൂല്യങ്ങൾ പലിശസഹിതം ലഭിക്കുന്നതിനും ബഹുമാനപ്പെട്ട കോടതിയെ സമീപിക്കേണ്ടത് അനിവാര്യമായി വന്നിരിക്കുന്നു.

അതിനാൽ വിവരാവകാശ നിയമം 2005 പ്രകാരം താഴെ എഴുതി ആവശ്യപ്പെടുന്ന ചോദ്യങ്ങളുടെ വ്യക്തവും, സത്യസന്ധവുമായ ഒരു മറുപടിയും, താഴെ എഴുതി ആവശ്യപ്പെടുന്ന രേഖകളുടെ പകർപ്പുകളും എനിക്ക് സാക്ഷ്യപ്പെടുത്തി അയച്ചുതരണമെന്ന് അപേക്ഷിക്കുന്നതിനോടൊപ്പം രേഖകളുടെ പകർപ്പുകൾ A4 പേപ്പറിൽ സാക്ഷ്യപ്പെടുത്തി എനിക്ക് ലഭ്യമാക്കിത്തരുന്നതിനാവശ്യമായ തുക 40 രൂപ അരീക്കോട് സബ് ട്രഷറിയിൽ ഒടുക്കിയതിന്റെ ചെലാൻ രശീതി ഇതോടൊപ്പം ഉള്ളടക്കം ചെയ്തയയ്ക്കുകയും ചെയ്യുന്നു.

## ചോദ്യം

1. ഡ്രൈവർ ശ്രീ. ടി.പി. മുഹമ്മദ് ഇക്ക്ബാൽ ഏത് തീയതിയിലാണ് സർവ്വീസിൽ നിന്നും വിരമിച്ചിരിക്കുന്നത്? ടിയാൾ സർവ്വീസിൽ നിന്നും വിരമിച്ചിട്ട് ഇപ്പോൾ എത്ര മാസമായി.?

2. ശ്രീ. ടി.പി മുഹമ്മദ് ഇക്ക്ബാൽ സാമൂഹ്യനീതി വകുപ്പുമായോ- സാമൂഹ്യനീതി വകുപ്പുമായി സംബന്ധിച്ച വിഷയങ്ങളിലോ എന്തെങ്കിലും വ്യവഹാരങ്ങളോ ഇടപെടലുകളോ നടത്തിയിട്ടുണ്ടോ?

3. സാമൂഹ്യനീതി വകുപ്പിൽ നിന്നും വിരമിച്ച ശ്രീ. ടി.പി. മുഹമ്മദ് ഇക്ക്ബാലിന് സ്വന്തം നാട്ടിൽ എന്തെങ്കിലും ഒരു പ്രശ്നമുണ്ടായാൽ അത് സാമൂഹ്യനീതി വകുപ്പിന് ബാധകമാണോ? ആയതിന് വകുപ്പിന് വല്ല ഉത്തരവാദിത്തവുമുണ്ടോ? ഉണ്ടെങ്കിൽ ഉത്തരവ് നമ്പറും തീയതിയും ഏതാണ്?

4. കേരള സർക്കാരുമായോ സാമൂഹ്യനീതി വകുപ്പുമായോ യാതൊരു ബന്ധവുമില്ലാത്ത ഒരു വ്യവഹാരം ശ്രീ. ടി.പി മുഹമ്മദ് ഇക്ക്ബാലിന്റെ പേരിൽ ഉണ്ടായാൽ, ടിയാളുടെ ആനുകൂല്യങ്ങൾ തടഞ്ഞുവെക്കാനും NLC നൽകാതിരിക്കാനും നിയമങ്ങൾ അനുശാസിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം നിയമങ്ങളും ഉത്തരവുകളുമാണ് നിലവിലുള്ളത്. ഉത്തരവ് നമ്പറും തീയതിയും ഏതാണ്?

Contd..3..

5. ശ്രീ. ടി.പി മുഹമ്മദ് ഇക്ക്ബാലിന് നൽകേണ്ടതായ NLC നൽകാതെ തടഞ്ഞു വെക്കാൻ നിർദ്ദേശം നൽകിയത് ആരാണ്? ടിയാളുടെ പേരും, വിലാസവും ടിയാൾ സാമൂഹ്യനീതി വകുപ്പിൽ വഹിക്കുന്ന സ്ഥാനവും ഏതാണ്?

6. നിസാര കാരണങ്ങൾ പറഞ്ഞ് ഒരു വ്യക്തിയെ ബുദ്ധിമുട്ടിക്കാനും കഷ്ടപ്പെ ടുത്തുവാനും, ഒരു വ്യക്തിക്ക് കിട്ടേണ്ടതായ ആനുകൂല്യങ്ങൾ കിട്ടാതിരിക്കാൻ എന്താണ് വഴി എന്ന് നോക്കി പാരവെക്കാൻ മേലുദ്യോഗസ്ഥരെ സർക്കാർ അധികാരപ്പെടുത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ഉത്തരവ് നമ്പറും തീയതിയും ഏതാണ്?

7. ശ്രീ. ടി.പി. മുഹമ്മദ് ഇക്ക്ബാലിന് NLC നൽകാൻ പറ്റുമോ, ഇല്ലയോ എന്ന് തീരുമാനിക്കാൻ ലോ ഓഫീസർക്ക് അറിവില്ലായ്മയുണ്ടോ? ഇല്ലെങ്കിൽ പിന്നെ എന്താവശ്യത്തിനാണ് സർക്കാരിലേക്ക് ഇക്ക്ബാലിന്റെ പേപ്പറുകൾ അയച്ചി രിക്കുന്നത്?

8. ശ്രീ. ടി.പി. മുഹമ്മദ് ഇക്ക്ബാലിന് നല്ലളം, വണ്ടൂർ, കൊണ്ടോട്ടി എന്നീ പോലീസ് സ്റ്റേഷനുകളിൽ കേസുകൾ നിലനിൽക്കുന്നുണ്ടെന്ന് സാമൂഹ്യനീതി ഡയറക്ടറെ അറിയിച്ചത് ആരാണ്? ടിയാളുടെ പേരും വിലാസവും ഏതാണ്? ടിയാളുടെ ഭാര്യ മങ്കട ICDS പ്രോജക്ടിൽ സൂപ്പർവൈസറായി ജോലി ചെയ്യു ന്നുണ്ടോ? ഉണ്ടെങ്കിൽ സൂപ്പർവൈസറുടെ പേരെന്താണ്?

9. ശ്രീ. ടി.പി മുഹമ്മദ് ഇക്ക്ബാലിന്റെ പേരിലുണ്ടെന്ന് പറയുന്ന കേസുകൾ എന്തി നുവേണ്ടി ആരെല്ലാം സമർപ്പിച്ചതാണെന്നും, ടി കേസുകളുടെ നിജസ്ഥിതി എന്തൊക്കെ എന്നും സാമൂഹ്യനീതി വകുപ്പിലെ ഏതെങ്കിലും ഒരുദ്യോഗസ്ഥൻ അന്വേഷണം നടത്തിയിട്ടുണ്ടായിരുന്നോ? ഉണ്ടെങ്കിൽ ആരെല്ലാം അന്വേഷണം നടത്തി?

10. ആരുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് ശ്രീ. ടി.പി. മുഹമ്മദ് ഇക്ക്ബാ ലിന്റെ NLC നൽകാൻ പറ്റുമോ എന്ന് ആരാഞ്ഞുകൊണ്ട് സർക്കാരിലേക്ക് കത്തയച്ച് മറുപടിയും കാത്ത് NLC തരാൻ വൈകിപ്പിക്കുന്നത്?

11. ശ്രീ. ടി.പി. മുഹമ്മദ് ഇക്ക്ബാലിന്റെ NLC ഇത്രയും കാലമായിട്ടും നൽകാതെ തടഞ്ഞുവെച്ചതിന്റെ കാരണം ശ്രീ. മുഹമ്മദ് ഇക്ക്ബാലിനെ രേഖാമൂലം അറി യിച്ചിരുന്നോ?

Contd..4..

12. ഡ്രൈവർ ശ്രീ. ടി.പി. മുഹമ്മദ് ഇക്ക്ബാലിന്റെ പേരിൽ സാമൂഹ്യനീതി വകുപ്പ് ശിക്ഷണ നടപടികളെടുത്ത് ഇന്നേവരെ തീരുമാനമാവാത്ത വല്ല കേസുകളും നിലവിലുണ്ടോ?

13. ശ്രീ. ടി.പി. മുഹമ്മദ് ഇക്ക്ബാലിന്റെ പേരിൽ നല്ലളം, വണ്ടൂർ, കൊണ്ടോട്ടി എന്നീ പോലീസ് സ്റ്റേഷനുകളിൽ ഉണ്ടെന്ന് പറയുന്ന കേസുകളിൽ സാമൂഹ്യ നീതി വകുപ്പുമായോ സാമൂഹ്യനീതി വകുപ്പിനെ സംബന്ധിച്ച വല്ല വിഷയ ങ്ങളെ സംബന്ധമായോ എന്തെങ്കിലും വിഷയങ്ങൾ ടി കേസുകളിൽ ഉൾപ്പെ ട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം വിഷയങ്ങളാണ് ഉൾപ്പെട്ടത്?

14. ഏത് കാരണത്താലാണ് ശ്രീ. ടി.പി മുഹമ്മദ് ഇക്ക്ബാലിന്റെ NLC അന്യായ മായി തടഞ്ഞ് വെച്ചിരിക്കുന്നത്? ആരാണ് NLC നൽകാൻ തടസ്സം പറഞ്ഞ് നിർത്തിവെച്ചിരിക്കുന്നത്? ടിയാളുടെ പേരും, സ്ഥാനവും, വിലാസവും, ഫോൺ നമ്പറും ഏതാണ്.?

15. ശ്രീ. ടി.പി. മുഹമ്മദ് ഇക്ക്ബാലിന് സാമൂഹ്യനീതി വകുപ്പുമായി യാതൊരു ബന്ധവുമില്ലാത്ത എന്തെങ്കിലും കേസുകൾ, ഏതെങ്കിലും പോലീസ് സ്റ്റേഷ നുകളിലോ, കോടതികളിലോ നിലനിൽക്കുന്നുണ്ടെങ്കിൽ സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ. ടി. പി. മുഹമ്മദ് ഇക്ക്ബാലിന് ലഭിക്കേണ്ടതായ ആനുകൂല്യ ങ്ങൾ തടഞ്ഞുവെക്കാൻ അനുശാസിക്കുന്ന ഉത്തരവുകളുടെയും, സർക്കുല റുകളുടെയും നമ്പറും തീയതിയും ഏതാണ്?

16. ഏത് കാരണത്താലാണ് ശ്രീ. ടി.പി മുഹമ്മദ് ഇക്ക്ബാലിന്റെ NLC അന്യായ മായി തടഞ്ഞുവച്ചിരിക്കുന്നത്? NLC നൽകാൻ നിർവ്വാഹമില്ലാത്തതിന്റെ ഉത്ത രവു നമ്പറും തീയതിയും.

17. ശ്രീ. ടി.പി മുഹമ്മദ് ഇക്ക്ബാലിനെ ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ അറസ്റ്റ് ചെയ്തിട്ടുണ്ടായിരുന്നോ? ഉണ്ടെങ്കിൽ ഏതെല്ലാം സ്റ്റേഷനിൽ അറസ്റ്റ് ചെയ്തു? ശ്രീ. ടി.പി മുഹമ്മദ് ഇക്ക്ബാലിനെതിരെ ഏതെങ്കിലും കോടതി അറസ്റ്റ് വാറന്റ് പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നോ? ഏതെങ്കിലും കോടതി ടിയാനെ ശിക്ഷിച്ചിട്ടുണ്ടായിരുന്നോ? പിന്നെ ഏത് കാരണത്താലാണ് ടിയാളുടെ NLC തടഞ്ഞ് വെച്ചിരിക്കുന്നത്?

18. കുഴിലൻതൊടി മുഹമ്മദലി എന്ന വ്യക്തി ഏതെങ്കിലുംവിധ പരാതി ശ്രീ. മുഹമ്മദ് ഇക്ക്ബാലിനെതിരെ സമർപ്പിച്ചിട്ടുണ്ടായിരുന്നോ?

Contd..5..

താഴെ പറയുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ കോപ്പികൾ എനിക്കയച്ചു തരണമെന്ന് അപേക്ഷിക്കുന്നു.

1. ശ്രീ. ടി.പി. മുഹമ്മദ് ഇക്ക്ബാലിനെതിരെ വണ്ടൂർ, കൊണ്ടോട്ടി, നല്ലളം എന്നീ സ്റ്റേഷനുകളിൽ കേസുകളുണ്ടെന്ന് അറിയിച്ചുകൊണ്ട് ലഭിച്ച പരാതിയുടെ കോപ്പി.

2. ഏതെങ്കിലും സ്റ്റേഷനുകളിലോ, കോടതികളിലോ ഒരു ജീവനക്കാരന് എന്തെങ്കിലും കേസുകൾ ഉണ്ടെങ്കിൽ അയാൾ സർവ്വീസിൽ നിന്നും വിരമിച്ചതിന് ശേഷം അയാളുടെ ആനുകൂല്യങ്ങൾ തടഞ്ഞുവെക്കാമെന്ന ഉത്തരവിന്റെ കോപ്പികൾ

3. NLC യുമായി ബന്ധപ്പെട്ട് ലോ ഓഫീസറുടെ തീരുമാനത്തിന്റെയും നിർദ്ദേശങ്ങളുടെയും കോപ്പികൾ

4. ശ്രീ. മുഹമ്മദ് ഇക്ക്ബാലിന്റെ NLC യുമായി ബന്ധപ്പെട്ട് ഡയറക്ടർ ഓഫീസിൽ നിന്നും സർക്കാരിലേക്ക് അയച്ച കത്തിന്റെ കോപ്പികൾ

5. മുഹമ്മദ് ഇക്ക്ബാലിനെതിരെയുള്ള — കേസുകളുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലാ പ്രോഗ്രാം ഓഫീസറുടെ റിപ്പോർട്ടിന്റെ കോപ്പികൾ

വിശ്വസ്തതയോടെ

PV 31/5/018

അരീക്കോട്
31-05.2018

പി.വി. ഷെരീഫ
9447315962

[illegible]

[illegible]

25/176/2016. 300000. G.P.S. © Govt. of Kerala

അസ്സൽ

## കേരള സർക്കാർ

## ചലാൻ

ഫാറം റ്റി. ആർ. 12

[ചട്ടം 102 (സി), 124 എന്നിവ കാണുക]

ജില്ലാ ട്രഷറി/സബ് ട്രഷറി/ഭാരതീയ സ്റ്റേറ്റ് ബാങ്ക്/ട്രാവൻകൂർ സ്റ്റേറ്റ് ബാങ്ക് ..........................(സ്ഥലം)-ൽ പണം ഒടുക്കുന്നതിനുള്ള ചലാൻ

| കമ്പ്യൂട്ടർ ക്രമനമ്പർ | | തീയതി | 31/5/2018 |
|---|---|---|---|

| ശീർഷകം | 0 | 0 | 70 | 60 | 800 | 36 |
|---|---|---|---|---|---|---|
| | മേജർ | സബ് മേജർ | മൈനർ | സബ് | ഡീറ്റെയിൽഡ് ഒബ്ജക്ട് | സബ് ഒബ്ജക്ട് |

ഡി.ഡി.ഒ. കോഡ് (വകുപ്പ്) ___ ഡി.ഡി.ഒ. ___

എസ്.ഡി.ഒ. കോഡ് ___

| പണമൊടുക്കുന്ന ആളിന്റെ പേരും ആർക്കുവേണ്ടിയാണോ പണമൊടുക്കുന്നത് അയാളുടെ പേരും വിലാസവും | പണമൊടുക്കുന്നതിന്റെ ഉദ്ദേശ്യവും അധികാരിത ഉണ്ടെങ്കിൽ അതും | തുക രൂപയിൽ | ബാങ്കിനുള്ള ഉത്തരവ് |
|---|---|---|---|
| P.V. Shareeda, Cholayil (H), Kuniyil, Kizhuparamba, Areacode, Malappuram | RTI Act 2005 വിവരാവകാശം | 40 | ശരി<br>പണം സ്വീകരിച്ച രസീത് നൽകുക |
| പണം ഒടുക്കുന്നതിന് മേലൊപ്പ് വയ്ക്കുന്ന വകുപ്പുദ്യോഗസ്ഥന്റെ ഒപ്പും ഉദ്യോഗപ്പേരും | ആകെ | 40 | ട്രഷറി ഓഫീസർ |

ആകെത്തുക അക്ഷരത്തിൽ...നാല്പത് രൂപ...

ഒടുക്കുന്നയാളിന്റെ ഒപ്പ്...PV...

തുക ....................(....................................രൂപ മാത്രം) സ്വീകരിച്ചു.

(മുദ്ര)

തീയതി............/............/............

ട്രഷറർ/ക്യാഷ്യർ ഒപ്പ്: ട്രഷറി ഓഫീസർ/ബാങ്ക് മാനേജർ

കുറിപ്പ്:—1. പണം സ്വീകരിക്കുന്ന ട്രഷറിയുടെയോ ബാങ്കിന്റെയോ മുദ്ര പതിച്ചിരിക്കണം.

2. ഔദ്യോഗിക നിലയ്ക്കുള്ള ഒടുക്കലാണെങ്കിൽ നിർദ്ദേശിച്ചിരിക്കുന്ന കോളത്തിൽ എസ്.ഡി.ഒ./ഡി.ഡി.ഒ. കോഡ് രേഖപ്പെടുത്തണം.

3. എസ്.ഡി.ഒ.-മാരുടെ വായ്പ തിരിച്ചടവാണെങ്കിൽ ഉദ്ദേശ്യ കോളത്തിൽ തവണകളുടെ എണ്ണം രേഖപ്പെടുത്തണം.

KL00220 7593 2018/9.11

എന്റെ ഭർത്താവിന്